"ഭരണഭാഷ-മാതൃഭാഷ"

# വ്യാവസായിക പരിശീലന വകുപ്പ്

**(കേരള സംസ്ഥാനം)**

KSHB building ശാന്തി നഗർ, തിരുവനന്തപുരം-1

## അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ നടപടിക്രമം

**(നിലവിൽ: ഇ.സലീമുദ്ദീൻ)**

വിഷയം:- വ്യാവസായിക പരിശീലന വകുപ്പ് -ട്രെയിനിംഗ് ഡയറക്ടറേറ്റ്- ജീവനക്കാര്യം - പ്രതീക്ഷിത ഒഴിവുകൾക്ക് തത്തുല്യമായ എണ്ണം സൂപ്പർ ന്യൂമററി തസ്തികകൾ സൃഷ്ടിക്കുന്നത് - സംബന്ധിച്ച്

പരാമരശം:- 1) ഈ കാര്യാലയത്തിലെ 23.12.2014 ലെ എ3/50444/2014 നമ്പർ കത്ത്.

2) സർക്കാരിന്റെ 21.03.2015 ലെ സ.ഉ (അ) 13/2015/ഉഭപവ.

3) സർക്കാരിന്റെ 15.12.2014 ലെ 25085/ഉ.പ സി3/2014/ഉ.ഭ.പ.വ നമ്പർ ഉപരിപത്രം.

**ഉത്തരവ് നമ്പർ എ3/50444/14 തീയതി: 24.03.2015**

പരാമർശം (1) പ്രകാരം ഈ വകുപ്പിൽ 2015 വർഷത്തിൽ ഉണ്ടാകാവുന്ന പ്രതീക്ഷിത ഒഴിവുകൾ സർക്കാരിലേയ്ക്ക് അറിയിക്കുകയും ടി ഒഴിവുകൾ പി.എസ്.സി യുടെ ജില്ലാ ഓഫീസിലേയ്ക്ക് റിപ്പോർട്ട് ചെയ്യുകയും ചെയ്തിട്ടുണ്ട്. സർക്കാരിന്റെ പരാമർശം (2) ലെ ഉത്തരവ് പ്രകാരം 30.06.2015 വരെയുള്ള പ്രതീക്ഷിത ഒഴിവുകൾ സൂപ്പർ ന്യൂമററിയായി തസ്തികകൾ സൃഷ്ടിച്ച് ഉത്തരവായിട്ടുണ്ട്. ആയതുപ്രകാരം താഴെപ്പറയുന്ന ലോവർ ഡിവിഷൻ ക്ലാർക്ക് തസ്തികയിൽ ജില്ലാതലത്തിൽ സൂപ്പർന്യൂമററിയായി സൃഷ്ടിച്ച് ഉത്തരവാകുന്നു.

| | | |
|---|---|---|
| a | തിരുവനന്തപുരം | 03 തസ്തികകൾ |
| b | കൊല്ലം | 01 തസ്തിക |
| c | ആലപ്പുഴ | 02 തസ്തികകൾ |
| d | കോട്ടയം | 01 തസ്തിക |
| e | എറണാകുളം | 01 തസ്തിക |
| f | തൃശ്ശൂർ | 01 തസ്തിക |
| g | കണ്ണൂർ | 02 തസ്തികകൾ |

ഈ തസ്തികകൾ തികച്ചും സൂപ്പർ ന്യൂമററി ആയിരിക്കുന്നതും വകുപ്പിൽ 30.06.2015 വരെ വിരമിക്കൽ വഴി സ്ഥിരം ഒഴിവുകൾ നിലവിൽ വരുന്ന മുറയ്ക്ക് ഇല്ലാതാകുന്നതുമായിരിക്കും.

പരാമർശം (3) ലെ ഉത്തരവ് പ്രകാരം Anticipated Vacancy ആയി പി.എസ്.സി യ്ക്ക് റിപ്പോർട്ട് ചെയ്തിരുന്ന ഈ ഒഴിവുകൾ ഇനി മുതൽ സൂപ്പർ ന്യൂമററി ആയി നിയമനം നടത്തുന്നതാണ്.

അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ

(മറുപുറം)

സ്വീകർത്താവ്

എല്ലാ സ്ഥാപനമേധാവികൾക്കും
(വകുപ്പ് വെബ്സൈറ്റ് മുഖേന)

പകർപ്പ്:- സെക്രട്ടറി,
ഉദ്യോഗസ്ഥ ഭരണപരിഷ്ക്കാര വകുപ്പ്,
സെക്രട്ടറിയേറ്റ്, തിരുവനന്തപുരം.

DT for information

R/24/3/15